റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മുൻസർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് ആകെ 712 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്തിരുന്നു. എന്നാൽ ഇതിൽ നിന്ന് 2.3 ലക്ഷം വീടുകൾക്കായി 437 കോടി രൂപ മാത്രമാണ് വായ്പയായി നൽകിയത്.

(ബി) മൈത്രി ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്നും വായ്പയായി വാങ്ങിയ 712 കോടി രൂപയിൽ 275 കോടി രൂപ മറ്റാവശ്യങ്ങൾക്കു വേണ്ടി ബോർഡ് വകമാറ്റി ചെലവഴിച്ചു കൂടാതെ മൈത്രി ഭവന ആനിറ്റി ഡെപ്പോസിറ്റ് പ്രകാരം ഗുണഭോക്താക്കളുടെ തിരിച്ചടവിനായി ത്രിതല പഞ്ചായത്തുകളിൽ നിന്നും മാറ്റുമായി ബോർഡ് സ്വരൂപിച്ച 217 കോടി രൂപ വകമാറ്റി ചെലവഴിക്കുകയുണ്ടായി. ഇക്കാരണങ്ങളാൽ ആ കാലഘട്ടത്തിൽ മൈത്രി ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൂടുതൽ തുക വായ്പയായി നൽകാൻ കഴിഞ്ഞില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5/2003 വരെ മൈത്രി ഭവന പദ്ധതി പ്രകാരം 36.58 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ ചെലവഴിക്കുകയുണ്ടായി. ഇതിനകം 21552 വീടുകൾ പൂർത്തിയാക്കി. 13952 വീടുകളുടെ പണി പുരോഗമിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തി വച്ച മൈത്രി ഭവന പദ്ധതി ഉൾപ്പെടെയുള്ള വിവിധ വായ്പാ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ഒന്നാം ഗഡു വായ്പാ വിതരണം 2003 മേയ് മാസത്തിൽ പുനരാരംഭിച്ചു.

യു. എ. ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി

8 (*128) ശ്രീ. എം. കുമാരൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. എ. ഇ. യിലെ പൊതുമാപ്പിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രകാലത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഇതുവരെയുള്ള പൊതുമാപ്പ് പ്രയോജനപ്പെടുത്തി എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പൊതുമാപ്പ് അർഹിക്കുന്ന എത്രപേർ ഇനി തിരിച്ചെത്തുവാൻ ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവരെ തിരികെ കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു. എ. ഇ. യിലെ പൊതുമാപ്പിന്റെ കാലാവധി 1-1-2003 മുതൽ 30-4-2003 വരെ ആയിരുന്നു. അത് പിന്നീട് 30-5-2003 വരെ ദീർഘിപ്പിച്ചിരുന്നു. വീണ്ടും 30-6-2003 വരെ ദീർഘിപ്പിച്ചതായി മാധ്യമങ്ങൾ വഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഔദ്യോഗിക അറിയിപ്പൊന്നും ഇക്കാര്യത്തിൽ സർക്കാരിനു ലഭിച്ചിട്ടില്ല.

(സി & ഡി) ഇത് സംബന്ധിച്ച വിവരമൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല. വിദേശകാര്യ മന്ത്രാലയവുമായും യു. എ. ഇ. യിലെ നയതന്ത്രകാര്യാലയങ്ങളുമായും ഇക്കാര്യത്തിൽ രേഖാമൂലം ബന്ധപ്പെട്ടിട്ടുണ്ട്.

(ഇ) യു. എ. ഇ. -യിൽ പൊതുമാപ്പ് പ്രഖ്യാപിച്ച ദിവസം തന്നെ സംസ്ഥാന മന്ത്രിസഭ നോർക്ക-ഇൻഫർമേഷൻ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു കൃാബിനറ്റ് സബ്-കമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി. പ്രസ്തുത കമ്മിറ്റി അന്നു തന്നെ യോഗം ചേർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ചചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ കളക്ടർമാർ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ, എയർപോർട്ട് കസ്റ്റംസ്, പാസ്പോർട്ട് തുടങ്ങി ഇതുമായി ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥരുടെ ഒരു സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ വരുന്നവർക്ക് എല്ലാ സഹായവും ചെയ്ത് കൊടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമെന്ന് കണ്ടാൽ കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനും ബോംബെയിൽ നിന്നും കേരളത്തിലേക്ക് ട്രെയിൻ സർവ്വീസ് സൗജന്യമായി ഏർപ്പെടുത്തുന്നതിനും വ്യോമയാന മന്ത്രാലയം, റെയിൽവേ മന്ത്രാലയം എന്നിവയുമായി നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് മുഖ്യമന്ത്രിയും പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിലെത്തുന്ന മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് നോർക്കവകുപ്പു മന്ത്രി യു. എ. ഇ സന്ദർശിക്കുകയും ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങളുമായും യു. എ. ഇ-യിലെ ഇക്കാര്യങ്ങൾ നോക്കുന്ന മന്ത്രിയുമായും ചർച്ച നടത്തുകയുണ്ടായി.

വേന നിർമ്മാണ ബോർഡ് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ

9 (*129) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന വേന നിർമ്മാണ ബോർഡിൽ നിന്നും മുൻകാലങ്ങളിൽ വായ്പയെടുത്ത നിലവിലുള്ള വായ്പക്കാർ നൽകേണ്ടിയിരുന്ന പലിശ എത്രയായിരുന്നു ;

(ബി) പ്രസ്തുത പലിശയുടെ തോതു കുറയ്ക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞുവോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly